(ഡി) അഞ്ച് കമ്പനികളും ടെണ്ടർ ഫോമുകളും കൈപ്പറ്റിയതിൽ മൂന്ന് കമ്പനികളും വിശദമായ ടെണ്ടറുകളും ട്രേജല വകുപ്പിന് സമർപ്പിക്കുകയുണ്ടായി. ഈ കമ്പനികളും താഴെ പറയുന്നവയാണ്:

1. മെസ്സേഴ്സ് എൽകോം ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, ഗുർഗാവോൺ, ഹരിയാന.

2. മെസ്സേഴ്സ് ഇൻറർ മീഡിയ എൻറർപ്രൈസസ്, ആയുർവേദ കോളേജ് ജംഗ്ഷൻ, ധർമ്മാലയം റോഡ്, തിരുവനന്തപുരം.

3. മെസ്സേഴ്സ് മാസ്റ്റർ കേബിൾസ് പ്രൈവറ്റ് ലിമി., കിളികൊല്ലൂർ, കൊല്ലം.

ഇതിൽ മെസ്സേഴ്സ് എൽകോം ടെക്നോളജീസ് പ്രൈവറ്റ് ലിമിറ്റഡ്, ഗുർഗാവോൺ, ഹരിയാന എന്ന കമ്പനിക്കാണ് ടെണ്ടർ ഉറപ്പിച്ചത്.

(ഇ) ടെണ്ടർ തുക 14,64,750 രൂപ (പതിനാല് ലക്ഷത്തി അറുപത്തി നാലായിരത്തി എഴുനൂറ്റി അൻപത് രൂപ മാത്രം) ആയിരുന്നു. ഉപകരണം ലഭിച്ച ശേഷം കമ്മീഷനിംഗ് നടത്തി ഗുണമേൻമ ഉറപ്പുവരുത്തിയശേഷം പ്രസ്തുത തുക മുഴുവനും നൽകുകയുണ്ടായി. ഇതിൻറെ നിലവിലുള്ള മാർക്കറ്റ് വില 17 ലക്ഷം രൂപ വരെയാണ്.

(എഫ്) ഉണ്ട്.

വീടുകളിൽ മഴവെള്ള സംഭരണികൾ നിർമ്മിക്കുന്ന പദ്ധതി

77 [2687] ശ്രീ. തോമസ് ചാഴികാടൻ:
,, കെ. നാരായണക്കുറുപ്പ്:
,, റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെൻറ് കാര്യവും വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) വീടുകളിൽ മഴവെള്ളസംഭരണികൾ നിർമ്മിക്കുന്ന പദ്ധതി നടപ്പാക്കാൻ സർക്കാരിന് പരിപാടിയുണ്ടോ;

(ബി) എങ്കിൽ ഇത്തരത്തിൽ എത്ര സംഭരണികൾ നിർമ്മിക്കാനാണ് ഉദ്ദേശിക്കുന്നത്;

(സി) ഏതൊക്കെ പ്രദേശങ്ങളിലാണ് ഈ പദ്ധതി ആദ്യഘട്ടത്തിൽ നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്;

(ഡി) ഈ പദ്ധതിക്ക് എത്ര കോടി രൂപയാണ് ചെലവു പ്രതീക്ഷിക്കുന്നത്;

(ഇ) അതിന് കേന്ദ്ര സർക്കാരിൻറെ സഹായം തേടിയിട്ടുണ്ടോ;

(എഫ്) എങ്കിൽ കേന്ദ്ര സഹായം എത്ര ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ജി) പദ്ധതി എന്നത്തേക്ക് പ്രാവർത്തികമാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഉണ്ട്.

(ബി) ജലനിധി, 5000 ലിറ്റർ ശേഷിയുള്ള 40,000 സംഭരണികൾ നിർമ്മിക്കുവാൻ ആലോചിക്കുന്നുണ്ട്. കേരള ജല അതോറിറ്റി ഈ സാമ്പത്തിക വർഷം, വർഷ പദ്ധതിയിൽ പുതിയ യൂണിറ്റുകൾക്ക് അംഗീകാരം ലഭിക്കുവാൻ ശ്രമിക്കുന്നുണ്ട്.

(സി) ജലക്ഷാമം രൂക്ഷമായ പഞ്ചായത്തുകൾ, മഴനിഴൽ പ്രദേശങ്ങൾ, ഭൂജലവിതാനം താഴ്ന്നുകൊണ്ടിരിക്കുന്ന പ്രദേശങ്ങൾ, ജലക്ഷാമം അനുഭവപ്പെടുന്ന തീരദേശ ഗ്രാമങ്ങൾ എന്നിങ്ങനെ മുൻഗണനാ ക്രമത്തിൽ കേരള മൊട്ടാകെ നടപ്പിലാക്കുവാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) ലോക ബാങ്കിന്റെ സഹായത്തോടെ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന 43.85 കോടി രൂപയുടെ പദ്ധതിയാണ് ജലനിധി സമർപ്പിച്ചിട്ടുള്ളത്. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന വർഷ പദ്ധതിക്ക് ത്വരിത ഗ്രാമീണ കുടിവെള്ള പദ്ധതിയിൽ ഉൾപ്പെടുത്തിയാണ് കേന്ദ്രസഹായം അനുവദിക്കുന്നത്.

(ഇ) ഉണ്ട്.

(എഫ്) ജലനിധി നടപ്പിലാക്കുന്ന പദ്ധതികൾക്ക് കേന്ദ്ര സഹായം ലഭ്യമായിട്ടില്ല. കേരള വാട്ടർ അതോറിറ്റി നടപ്പിലാക്കുന്ന വർഷ പദ്ധതിക്ക് ഇതുവരെ 613.98 ലക്ഷം രൂപ കേന്ദ്രസഹായം ലഭിച്ചിട്ടുണ്ട്.

(ജി) ജലനിധി നടപ്പിലാക്കുന്ന പദ്ധതികൾ ധനസഹായം ലഭിക്കുകയാണെങ്കിൽ 2005 നവംബർ മാസത്തിനു മുമ്പ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. കേരള വാട്ടർ അതോറിറ്റിയുടെ വർഷ പദ്ധതിക്ക് അംഗീകാരം കിട്ടുന്ന മുറയ്ക്ക് നടപ്പിലാക്കുന്നതാണ്.

ഗുണമേൻമയില്ലാത്ത പൈപ്പുകളും ജലവിതരണത്തിലെ തടസ്സവും

78 [2688] ശ്രീ. പിരപ്പൻകോട് മുരളി:
,, സാജു പോൾ:
,, മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുന്നറിയിപ്പ് ഇല്ലാതെ വാട്ടർ അതോറിറ്റിയുടെ ജലവിതരണം തടസ്സപ്പെടുന്നത് പതിവായിരിക്കുന്നതുമൂലം ജനങ്ങൾ അനുഭവിക്കുന്ന ക്ലേശങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗുണമേൻമയില്ലാത്ത പൈപ്പുകൾ ഉപയോഗിക്കുന്നതു മൂലമാണ് ഇങ്ങനെ സംഭവിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) വ്യാപകമായി ജലവിതരണ പൈപ്പുകൾ പൊട്ടിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇതേക്കുറിച്ച് അന്വേഷണം നടത്തുമോ;

(ഡി) ഗുണമേൻമയില്ലാത്ത പൈപ്പുകൾ ഉപയോഗിക്കാതിരിക്കാൻ വാട്ടർ അതോറിറ്റി എന്തു നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly